**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4768** **13-03-2023 - ൽ മറുപടിയ്ക്ക്**

**ഭൂഗർഭജല ലഭ്യത പരിശോധിക്കുന്നതിനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഭൂഗർഭജല ലഭ്യത പരിശോധിക്കുന്നതിനും കണ്ടെത്തുന്നതിനും പൊതുജനങ്ങൾക്ക് സഹായകരമായ പദ്ധതി ജലവിഭവ വകുപ്പിന് കീഴിൽ നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (എ) | ഭൂഗർഭജല ലഭ്യത പരിശോധിക്കുന്നതിനും കണ്ടെത്തുന്നതിനും പൊതുജനങ്ങൾക്ക് സഹായകരമായ പദ്ധതി ഭൂജലവകുപ്പിന് കീഴിൽ നടപ്പിലാക്കി വരുന്നു. ഹൈഡ്രോജിയോളജിക്കൽ, ജിയോഫിസിക്കൽ പഠനങ്ങളെ അടിസ്ഥാനപ്പെടുത്തിയും, spatial സാങ്കേതിക വിദ്യ (GIS mapping) ഉപയുക്തമാക്കിയും ഭൂജലപര്യവേഷണം നടത്തി പ്രദേശത്തിന് അനുയോജ്യമായ ഭൂജല നിർമ്മിതികൾ നൽകി വരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പൊതുജനങ്ങൾക്ക് സഹായകരമായ രീതിയിൽ ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (ബി) | പ്രസ്തുത പരിശോധന വീടുകളിൽ നടത്തുന്നതിന് പൊതുജനങ്ങൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കാമോ? | (ബി) | സർക്കാർ നിശ്ചയിച്ച് നിജപ്പെടുത്തിയ ഭൂജല പര്യവേഷണ ഫീസ് (സ്ഥാപനങ്ങൾക്ക് - 1935/- രൂപ, ഇൻഫ്രാസ്ട്രക്ച്ചർ പ്രൊജക്ടുകൾക്ക് - 3860/- രൂപ, പൊതുജനങ്ങൾക്ക് - 585/- രൂപ) വകുപ്പിന്റെ ജില്ലാ ഓഫീസുകളിൽ ഭൂഗർഭ ജലലഭ്യത കണ്ടെത്തേണ്ട സ്ഥലത്തിന്റെ കരം തീർത്ത രസീതിനൊപ്പം നിർദ്ദിഷ്ട അപേക്ഷ ഫോമിൽ നൽകുന്ന മുറയ്ക്ക് സർവ്വേ നടത്തി ജലലഭ്യത ഉള്ള സ്ഥലം കണ്ടെത്തി സ്ഥാനനിർണ്ണയം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ